**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബിയുടെ ബിൽ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ കെ.എസ്.ഇ.ബി ബില്ല് അടക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവ് നൽകിയിരുന്നോ; വിശദമാക്കുമോ; | (എ) | ഇളവുകൾ നൽകിയിരുന്നു.ലോക്ഡൗൺ കാലത്ത് ഗാർഹികം, വ്യവസായം, വാണിജ്യം എന്നീ താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കും, സ്വകാര്യ ആശുപത്രികൾക്കും അവരുടെ വൈദ്യുതി ചാർജ്ജിൽ ഇളവുകൾ നൽകിയിരുന്നു.<br>(a)ഗാർഹികം കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂ കരിക്കാൻ ഗവൺമെന്റ് സബ്സിഡി അനുവദിച്ചി രുന്നു.താഴെപറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡി യായി നൽകിയത്. i) ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും, 500 വാട്ട്സ് കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്. ii) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര രേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപഭോഗം എത്രയായിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. iii) ലോക്ഡൗൺ കാലയളവിന് മുൻപ് പ്രതിമാസ ശരാശരി ഉപഭോഗം 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്ക് ലോക്ഡൗൺ കാലയളവിലെ അധിക ഉപഭോഗം മൂലമുണ്ടായിട്ടുള്ള വൈദ്യുതി ബിൽ തുകയുടെ (20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകൾ) വർദ്ധനവിന്റെ |

| | | | |
|---|---|---|---|
| | | | 50 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്. iv)പ്രതിമാസ ശരാശരി ഉപഭോഗം, 100 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 30 ശതമാനം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. v)പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 25 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്. vi)പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റിൽ കൂടുതലായാൽ വർദ്ധനവിന്റെ 20 ശതമാനം സബ്സിഡി യായി നൽകിയിട്ടുണ്ട്. vii )20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകൾ 31.12.2020 വരെ പലിശരഹിതമായി ഒരുമിച്ചോ തവണ വ്യവസ്ഥയിലോ അടക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. (b) വാണിജ്യ വ്യവസായ ഉപഭോക്താക്കളും സ്വകാര്യ ആശുപത്രികളും i) സ്വകാര്യ ആശുപത്രികൾക്കും വ്യവസായ / വാണിജ്യ ഉപഭോക്താക്കൾക്കും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്/ ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകിയിട്ടുണ്ട്. ii) ബാക്കിയുള്ള (75 ശതമാനം) ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്, 15.12.2020 വരെ പലിശരഹിതമായി അടയ്ക്കു വാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. |
| (ബി) | ഇതുമൂലം കെ.എസ്.ഇ.ബിയുടെ ബിൽ കുടിശ്ശികയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | ഇളവുകൾ അനുവദിച്ചതിലൂടെ കുടിശ്ശിക ഉണ്ടായിട്ടില്ല. എന്നാൽ കോവിഡ് മഹാമാരിയുടെ സാഹചര്യം ഉപഭോ ക്താക്കൾക്ക് ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധിയുടെ സാഹചര്യം വൈദ്യുതിബിൽ കുടിശ്ശികയും വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. 31.03.2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1886.47 കോടി രൂപയും 31.12.2020 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 2703.44 കോടി രൂപയുമാണ്. വർദ്ധനവ് 816.97 കോടി രൂപ. |
| (സി) | സർക്കാർ/ഗാർഹിക/സ്വകാര്യ വ്യക്തികൾ വരുത്തിയ കുടിശ്ശിക നിലവിൽ എത്രയാണെന്നറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ലോക്ഡൗൺ കാലത്തിന് ശേഷം കുടിശ്ശിക വരുത്തിയവരിൽ നിന്നും കെ.എസ്.ഇ.ബി പിഴ പലിശ ഈടാക്കുന്നുണ്ടോ എങ്കിൽ എത്ര ശതമാനം;വിശദവിവരങ്ങൾ നൽകുമോ? | (ഡി) | സമയം നീട്ടികൊടുത്തിട്ടും തുക ഒടുക്കാത്തവരിൽ നിന്നും കെ.എസ്.ഇ.ബി പലിശ ഈടാക്കുന്നുണ്ട്. 30 ദിവസം വരെയുള്ള കുടിശ്ശികയ്ക്ക് 12 ശതമാനവും 30 ദിവസത്തിൽ കൂടുതലായ കുടിശ്ശികയ്ക്ക് 18 ശതമാനവുമാണ് പലിശ ഈടാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ